## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6317** **20.11.2019-ൽ മറുപടിക്ക്**

### തൊഴിലാളികളുടെ മിനിമം വേതനം, ഗ്രാറ്റുവിറ്റി എന്നിവ സംബന്ധിച്ച കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |

(എ) തൊഴിലാളികളുടെ മിനിമം വേതനവും, ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട് വർഷങ്ങളായി കെട്ടികിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് വേണ്ടി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് അധികാരം നൽകിയ ശേഷം പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എ) ഉണ്ട്. നിലവിൽ 1948 -ലെ മിനിമം വേതന നിയമത്തിന്റെ സെക്ഷൻ 20 പ്രകാരം ക്ലെയിം അതോറിറ്റിയായും, 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് സെക്ഷൻ 3 പ്രകാരം കൺട്രോളിംഗ് അതോറിറ്റിയായും ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് ക്വാസി ജുഡീഷ്യൽ നടപടികളിൽ കൂടുതൽ പരിചയം ഉള്ളതിനാൽ പരമാവധി ഹിയറിംഗ് നടത്തി ഇരുകക്ഷികളെയും കേട്ട് പിഴവിന് ഇടവരുത്താത്ത നിലയിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കി തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാൻ സാധിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷം ഓരോ ജില്ലയിലും ഇത്തരത്തിൽപ്പെട്ട എത്ര കേസുകൾ തീർപ്പാക്കി; ഇനി എത്ര കേസുകൾ തീർപ്പാക്കാനുണ്ട്; വിശദമാക്കാമോ?

(ബി) നിലവിലെ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ തലത്തിലുള്ള വിവരം താഴെപ്പറയുന്നു.

**ഡെപ്യൂട്ടി ലേബർ കമ്മീഷണർ, തിരുവനന്തപുരം**

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസുകൾ | 151 | 638 | 789 |
| മിനിമം വേതന കേസുകൾ | 71 | 253 | 324 |

**ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കൊല്ലം**

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസുകൾ | 392 | 1121 | 1513 |
| മിനിമം വേതന കേസുകൾ | 97 | 452 | 549 |

**ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയം**

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസുകൾ | 16 | 106 | 122 |
| മിനിമം വേതന കേസുകൾ | 240 | 1270 | 1510 |

**ഡെപ്യൂട്ടി ലേബർ കമ്മീഷണർ, എറണാകുളം**

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസുകൾ | 311 | 388 | 699 |
| മിനിമം വേതന കേസുകൾ | 107 | 85 | 192 |

**ഡെപ്യൂട്ടി ലേബർ കമ്മീഷണർ, തൃശ്ശൂർ**

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസുകൾ | 96 | 265 | 361 |
| മിനിമം വേതന കേസുകൾ | 291 | 325 | 616 |

**ഡെപ്യൂട്ടി ലേബർ കമ്മീഷണർ, പാലക്കാട്**

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസുകൾ | 115 | 86 | 201 |
| മിനിമം വേതന കേസുകൾ | 139 | 329 | 468 |

**ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോഴിക്കോട്**

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസുകൾ | 51 | 7 | 58 |
| മിനിമം വേതന കേസുകൾ | 106 | 46 | 152 |

**ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കണ്ണൂർ**

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസുകൾ | 49 | 93 | 142 |
| മിനിമം വേതന കേസുകൾ | 134 | 547 | 681 |

സെക്ഷൻ ഓഫീസർ.